# പുതിയ വ്യവസായ നയം

**കേരളത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കാനും വ്യാവസായിക അന്തരീക്ഷം ഉടച്ചുവാർക്കുന്നതിനും നയങ്ങൾ സഹായിക്കും**



**എസ്. ഹരികിഷോർ ഐ.എ.എസ്**

സമാനതകൾ ഇല്ലാത്ത വ്യവസായ വികസനത്തിനാണ് കേരളം സാക്ഷ്യംവഹിക്കുന്നത്. സംരംഭങ്ങളുടെ കാര്യത്തിൽ കേരള ചരിത്രത്തിൽ പുതു നാഴികക്കല്ല് തീർത്തുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷം സംരംഭക വർഷം പദ്ധതി നേട്ടം കൈവരിച്ചു കഴിഞ്ഞു. 1,39,840 സംരംഭങ്ങൾ ഇതിനോടകം ആരംഭിച്ചു. പദ്ധതിയിലൂടെ കേരളത്തിലേക്ക് 8422.36 കോടി രൂപയുടെ നിക്ഷേപം വരികയും 3,00,056 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായ സംരംഭക സൗഹൃദ സമീപനവും കേരളത്തിലെ മികച്ച ഇക്കോ സിസ്റ്റവുമാണ് കൂടുതൽ പേർക്ക് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ പ്രചോദനമായത്.

സംരംഭക വർഷം, നിക്ഷേപത്തിന്റെയും തൊഴിലവസരങ്ങളുടെയും കാര്യത്തിൽ ഉണ്ടാക്കിയ മികച്ച മുന്നേറ്റം സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയ്ക്ക് കരുത്തേകിയിട്ടുണ്ട്.മികച്ച നേട്ടം കൈവരിച്ച സംരംഭക വർഷത്തിന്റെ തുടർച്ചയായി വിദേശത്ത് നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പ്രധാന വ്യവസായങ്ങളിൽ നിന്നും മൂലധനം ആകർഷിക്കുകയെന്നതാണ് ഈ സാമ്പത്തിക വർഷം വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്. അതിനായി കേരളത്തെ കൂടുതൽ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും കേരളത്തിന്റെ വ്യാവസായിക അന്തരീക്ഷം ഗുണപരമായി ഉടച്ചുവാർക്കുന്നതിനും പുതിയ 'വ്യവസായ നയം 2023' സർക്കാർ രൂപീകരിച്ചു.

> **നിക്ഷേപം വളർത്തുന്നതിനും സുസ്ഥിര വ്യാവസായിക സൗഹൃദം സൃഷ്ടിക്കുന്നതിനുമായി രൂപീകരിച്ച വ്യവസായ നയത്തിലൂടെ കേരളത്തിൽ പൂർണമായ സംരംഭക സൗഹൃദ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സാധിക്കും**

## പുതിയ വ്യവസായ നയത്തിന്റെ നയമേഖലകൾ

സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം, നൈപുണ്യ വികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപ...

KSIDC

...കൊണ്ടാണ് പുതിയ വ്യവസായ നയം രൂപീകരിച്ചിരിക്കുന്നത്. നിക്ഷേപം വളർത്തുന്നതിനും സുസ്ഥിര വ്യാവസായിക സൗഹൃദം സൃഷ്ടിക്കുന്നതിനുമായി രൂപീകരിച്ച വ്യവസായ നയത്തിലൂടെ കേരളത്തിൽ പൂർണമായ സംരംഭക സൗഹൃദ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സാധിക്കും.

## 22 മുൻഗണനാ മേഖലകൾ

കേരളത്തിൽ 22 മേഖലകളിലൂന്നിയ വ്യവസായവൽക്കരണമാണ് വ്യവസായ നയം ലക്ഷ്യമിടുന്നത്. എയ്റോസ്പേസ് ആൻഡ് ഡിഫൻസ്, നിർമിത ബുദ്ധി-റോബോട്ടിക്സ്-ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ, . ആയുർവേദം, ബയോടെക്നോളജി ആൻഡ് ലൈഫ് സയൻസ്, രൂപകൽപ്പന (ഡിസൈൻ), വൈദ്യുത വാഹനങ്ങൾ, ഇലക്ട്രോണിക്സ് സിസ്റ്റം രൂപകൽപ്പനയും ഉൽപാദനവും, എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും, ഭക്ഷ്യ സാങ്കേതിക വിദ്യകൾ, ഗ്രഫീൻ, ഉയർന്ന മൂല്യവർധിത റബ്ബർ ഉൽപ്പന്നങ്ങൾ, ഹൈടെക് ഫാമിംഗും മൂല്യവർധിത തോട്ടവിളയും, ലോജിസ്റ്റിക്സ് ആൻഡ് പാക്കേജിംഗ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, റീസൈക്ലിംഗും മാലിന്യ സംസ്കരണവും, പുനരുപയോഗ ഊർജം, ചില്ലറ വ്യാപാര മേഖല, വിനോദസഞ്ചാരവും ആതിഥേയത്വവും, 3ഡി പ്രിന്റിംഗ് എന്നിവയാണ് 22 മുൻഗണനാ മേഖലകൾ.

ഈ മേഖലകളിലെ വ്യവസായങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക വിദ്യയും നവീകരണവും, സ്ഥാപനങ്ങളുടെ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണ വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നീ ഉപനയങ്ങളിലൂടെ സമഗ്ര പിന്തുണ നൽകും.

## ആഭ്യന്തര ഉൽപ്പാദനം വർധിക്കും

2023ലെ പുതിയ വ്യവസായ നയത്തിലൂടെ സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തി വലിയ തോതിൽ മൂലധന നിക്ഷേപം ആകർഷിക്കുക എന്ന സർക്കാർ നയം സംസ്ഥാനത്തെ ആകെ ആഭ്യന്തര ഉൽപ്പാദനം വർധിപ്പിക്കുകയും നിരവധി തൊഴിൽ മേഖലകൾ തുറക്കുകയും ചെയ്യും. വ്യവസായ നയം ഊന്നൽ നൽകുന്ന 22 പ്രധാന മേഖലകളിലെ വളർച്ച, സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും ജീവിതത്തെ ഏതെങ്കിലും തരത്തിൽ സ്പർശിക്കുന്നതാണ്. അതിനാൽ തന്നെ ഈ മേഖലകളിൽ ഉണ്ടാകുന്ന മൂലധന നിക്ഷേപവും അതിലൂടെ ഉണ്ടാകുന്ന വളർച്ചയും സംസ്ഥാന...

## 18 സർക്കാർ ആനുകൂല്യങ്ങൾ

- എം.എസ്.എം.ഇ സംരംഭങ്ങൾ ആരംഭിക്കാൻ നാല് ശതമാനം പലിശ നിരക്കിൽ 10 ലക്ഷം രൂപ വരെ വായ്പ.
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് 45 ശതമാനം മൂലധന സബ്സിഡി ഇൻസെന്റീവ്.
- പുതിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് അഞ്ച് വർഷത്തേക്ക് വൈദ്യുതി നികുതിയിൽ പൂർണ ഇളവ്.
- എൻ.എസ്.ഇ, ബി.എസ്.ഇ എന്നിവയുടെ എസ്.എം.ഇ പ്ലാറ്റ്ഫോം മുഖേന പബ്ലിക് ഇഷ്യൂ നടത്തുന്നതിന് ചെലവായ തുകയുടെ 50 ശതമാനം തിരിച്ചുനൽകും.
- വൻകിട / മെഗാ സംരംഭങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം (10 കോടി രൂപ വരെ) സബ്സിഡി.
- വൻകിട / മെഗാ സംരംഭങ്ങൾക്ക് സംരംഭങ്ങളുടെ മൂലധന നിക്ഷേപത്തിന് അഞ്ച് വർഷം വരെ സംസ്ഥാന ജി.എസ്.ടി വിഹിതം തിരിച്ചുനൽകും.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് മൂന്ന് കോടി രൂപയുടെ സാമ്പത്തിക സഹായം.
- സ്ത്രീകൾ, പട്ടികജാതി-പട്ടിക വർഗം, ട്രാൻസ്ജെൻഡർ സംരംഭകർക്ക് സംസ്ഥാനത്തെവിടെയും നിർമാണ യൂണിറ്റ് ആരംഭിക്കാൻ ഭൂമി/കെട്ടിടം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും 100 ശതമാനം വരെ ഇളവ്.
- 50 ശതമാനത്തിലധികം പ്രാദേശിക തൊഴിലാളികൾക്ക് സ്ഥിരം ജോലി നൽകുന്ന വൻകിട, മെഗാ സംരംഭങ്ങളിൽ, തൊഴിലാളികളുടെ മാസ ശമ്പളത്തിന്റെ 25 ശതമാനം (പരമാവധി 5,000 രൂപ വരെ) തൊഴിലുടമക്ക് സർക്കാർ ഒരു വർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി. ട്രാൻസ്ജെൻഡർ തൊഴിലാളികൾക്ക് മാസവേതനത്തിന്റെ 7,500 രൂപ തൊഴിലുടമക്ക് ഒരുവർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി.
- സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് സ്കെയിൽ അപ്പിന് ഒരു കോടി വരെ വായ്പ.
- വ്യാപാര മേളകളിൽ പങ്കെടുത്ത സംരംഭങ്ങൾക്ക് സ്റ്റാൾ ചാർജ് ഇനത്തിൽ ചെലവാകുന്ന തുക തിരിച്ചുനൽകും. (പരമാവധി അഞ്ച് ലക്ഷം രൂപ വരെ).
- പേറ്റന്റ്, പകർപ്പവകാശം, വ്യാപാര മുദ്രകൾ, ജി.ഐ രജിസ്ട്രേഷൻ എന്നിവയ്ക്ക് ചെലവായ തുകയുടെ 50 ശതമാനം തിരിച്ചുനൽകും.
- സി.ഇ, എഫ്.ഡി.എ, ഐ.എസ്.ഒ, ബി.ഐ.എസ് തുടങ്ങിയ നിർബന്ധിത അടയാളപ്പെടുത്തലുകൾക്ക് ചെലവായ തുകയുടെ 50 ശതമാനം തിരിച്ചുനൽകും.
- സുസ്ഥിരതയും ഉത്തരവാദിത്ത വ്യവസായവൽക്കരണവും പ്രോത്സാഹിപ്പിക്കും.
- നിർമിത ബുദ്ധി ഉപയോഗിച്ചുള്ള നിർമാണ പ്രവർത്തനങ്ങൾ, ഡാറ്റ മൈനിംഗ് ആൻഡ് അനാലിസിസ് സംരംഭങ്ങൾക്ക് ചെലവാകുന്ന തുകയുടെ 20 ശതമാനം (25 ലക്ഷം രൂപ വരെ) തിരികെ നൽകും.
- ഗവേഷണ വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്ക് ഗവേഷണ വികസന ചെലവിന്റെ 20 ശതമാനം ധനസഹായം.
- മെയ്ഡ് ഇൻ കേരള സർട്ടിഫിക്കേഷനുള്ള തുകയുടെ 50 ശതമാനവും സർക്കാർ തിരികെ നൽകും.